File No.DT/5422/2019-F3

'ഭരണഭാഷ - മാതൃഭാഷ'
വ്യാവസായിക പരിശീലനവകുപ്പ്
(കേരളസംസ്ഥാനം)

ട്രെയിനിംഗ് ഡയറക്ടറുടെ നടപടിക്രമം
(നിലവിൽ: ചന്ദ്രശേഖർ.എസ്, ഐഎഎസ്)

വിഷയം വ്യാവസായിക പരിശീലന വകുപ്പ്- ട്രെയിനിംഗ് ഡയറക്ടറേറ്റ് - 2019-20 വർഷത്തെ കേരളാ സ്റ്റേറ്റ് ഇന്റർ ഐ.ടി.ഐ ട്രെയിനീസ് കൗൺസിൽ (KSITC)-ട്രഷററെയും അഡ്വൈസറേയും നിയമിച്ച് ഉത്തരവാകുന്നു

പരാമർശം: 1. 23.06.1982- ലെ ജി.ഒ (ആർ.ടി) 662/82/തൊഴിൽ നമ്പർ ഉത്തരവ്.
- 2. 30.10.2000 -ലെ എഫ്3/8917/2000 നമ്പരായ സർക്കുലർ.

**ഉത്തരവ് നമ്പർ: DT/5422/19-F3 തീയതി: 04/03/2020**

പരാമർശം (1) ലെ സർക്കാർ ഉത്തരവിലെ അനുബന്ധമായി ചേർത്തിട്ടുള്ള ചട്ടങ്ങളിലെ 6 (ഇ) (എഫ്) എന്നിവ പ്രകാരം 2019-20 വർഷത്തെ കേരളാ സ്റ്റേറ്റ് ഇന്റർ ഐ.ടി.ഐ ട്രെയിനീസ് കൗൺസിൽ ട്രഷററായി കൊല്ലം ഐ.ടി.ഐ യിലെ പ്രിൻസിപ്പാൾ ശ്രീ.കെ.രാമചന്ദ്രനേയും, ട്രെയിനിംഗ് കൗൺസിൽ അഡ്വൈസറായി പള്ളിക്കത്തോട് ഐ.ടി.ഐയിലെ സീനിയർ ഇൻസ്ട്രക്ടറായ ശ്രീ. സജിമോൻ തോമസിനേയും നിയമിച്ച് ഉത്തരവാകുന്നു.

2019-20 വർഷത്തെ കെ.എസ്.ഐ.ടി.സി.യുടെ പ്രവർത്തനങ്ങൾക്കായി അഡ്മിഷൻ സമയത്ത് ട്രെയിനികളിൽ നിന്നും ഈടാക്കിയിട്ടുള്ള കൗൺസിൽ ഫണ്ടിന്റെ 65% വും സ്പോർട്സ് ഫണ്ടിന്റെ 15% വും കൗൺസിൽ ട്രഷറർക്ക് (കൊല്ലം ഐ.ടി.ഐയിലെ പ്രിൻസിപ്പാൾ ശ്രീ. രാമചന്ദ്രന്) ഡി.ഡി. ആയി 16/3/2020 നകം എല്ലാ ഐ.ടി.ഐ പ്രിൻസിപ്പാൾമാരും അയച്ചുകൊടുക്കേണ്ടതാണ്. ടി വിവരം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്. സൂചന (2) ലെ സർക്കുലർ പ്രകാരം ഫണ്ട് കൃത്യമായി വിനിയോഗിക്കുന്നതിന് വേണ്ട നടപടികൾ ട്രഷറർ സ്വീകരിക്കേണ്ടതാണ്.

ട്രെയിനീസ് കൗൺസിൽ അഡ്വൈസർ ട്രെയിനീസ് കൗൺസിലിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കേണ്ടതും ഇന്റർ ഐ.ടി.ഐ ആർട്സ്, സ്പോർട്സ് മത്സരങ്ങൾ സമയ ബന്ധിതമായി നടത്തുന്നതിന് അവയുടെ പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കേണ്ടതുമാണ്.

(ഒപ്പ്)
ഡയറക്ടർ ഓഫ് ട്രെയിനിംഗ്

**//ഉത്തരവിൻ പ്രകാരം//**

**ജൂനിയർ സൂപ്രണ്ട്**

സ്വീകർത്താവ്: 1. ശ്രീ.കെ.രാമചന്ദ്രൻ, പ്രിൻസിപ്പാൾ
ഐടിഐ, ചന്ദനത്തോപ്പ്

File No.DT/5422/2019-F3

2.ശ്രീ. സജിമോൻ തോമസ്,സീനിയർ ഇൻസ്ട്രക്ടർ
ഐടിഐ, പള്ളിക്കത്തോട്.

പകർപ്പ്: എല്ലാ ഐടിഐ പ്രിൻസിപ്പാൾമാർക്കും